(ബി) അർഹമായ നദീജലം കാലാകാലങ്ങളിൽ ലഭ്യമല്ലാതാകുമ്പോൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ മീറ്റിംഗുകളിൽ ഇക്കാര്യം ചർച്ച ചെയ്യാറുള്ളതും തുടർന്ന് തമിഴ്നാട് വിട്ടുതരുന്ന ജലത്തിന്റെ കുറവ് നികത്താറുള്ളതുമാകുന്നു.

(സി) പറമ്പിക്കുളം-ആളിയാർ നദീജല കരാർ ഉഭയകക്ഷി കരാറായതു കൊണ്ട് കേന്ദ്ര സർക്കാരിനോടോ അന്തർ നദീജല ട്രിബ്യൂണലിനോടോ പരാതി ഉന്നയിക്കേണ്ട ആവശ്യമില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നീക്കിവച്ചിട്ടുള്ള തുക

90 (1559) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വാർഷിക പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തുതുക നീക്കിവച്ചിട്ടുണ്ട് ;

(ബി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ, സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയാണോ എന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളെ ഏതു വിധത്തിൽ ശക്തിപ്പെടുത്താനാണുദ്ദേശിക്കുന്നതെന്നു പറയുമോ ?

ഉത്തരം

(എ) സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായി 244.95 കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് വിവിധ പരിപാടികൾക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഇത് സംസ്ഥാന പദ്ധതിയുടെ ഭാഗമാണ്.

(സി) സർക്കാർ നവീകരണ പരിപാടിയനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ ചുവടെ ചേർക്കുന്നു.

1. ആസ്തി പുനരുദ്ധാരണം
2. സോഷ്യൽ ആഡിറ്റ് പ്രവർത്തനം കാര്യക്ഷമമാക്കുക
3. പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക
4. സേവന ലഭ്യത മെച്ചപ്പെടുത്തുക
5. ആക്ഷൻ പ്ലാൻ നടപ്പാക്കുക

LIBRARY ARCHIVES Kerala Legislative Assembly

6. കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുക
7. സ്വത്തുനികുതി നിർണ്ണയത്തിന് പുതിയ ചട്ടങ്ങൾ തയ്യാറാക്കുക
8. ധനകാര്യ മാനേജ്മെന്റിലെ കാര്യശേഷി വർദ്ധിപ്പിക്കുക
9. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവനം മെച്ചപ്പെടുത്തുക
10. സാമൂഹ്യ സുരക്ഷിതത്വത്തിനും അഗതികളുടെ പരിരക്ഷയ്ക്കും. പൈലറ്റ് പ്രോജക്ട് തയ്യാറാക്കുക

9-ാം പഞ്ചവത്സര പദ്ധതി വിഹിതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച തുക

91 (1560) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം പഞ്ചവത്സര പദ്ധതി വിഹിതമായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 1996-2001 കാലഘട്ടത്തിൽ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പരിപാടികൾക്ക് പഞ്ചവത്സര പദ്ധതി വിഹിതത്തിൽ ഉൾപ്പെടാത്ത എത്ര കോടി രൂപ മുൻഗവൺമെന്റ് ബഡ്ജറ്റ് വിഹിതമായി യഥാക്രമം 1996-2001 കാലയളവിൽ അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(സി) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് 1996-2001 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിന് എൽ.ഡി.എഫ്. ഗവൺമെന്റ് നൽകിയ പദ്ധതിയിതര സഹായത്തിന്റെ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) 1996-2001 കാലഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പദ്ധതി വിഹിതത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

1996-97	-	ഇല്ല.
1997-98	-	749 കോടി രൂപ
1998-99	-	950 കോടി രൂപ
1999-2000	-	1020 കോടി രൂപ
2000-01	-	783.75 കോടി രൂപ

(ബി) 1997-98 മുതൽ 2000-01 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നോൺ പ്ലാൻ ഗ്രാന്റായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിവരം താഴെ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly